**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 924** **07-12-2022 - ൽ മറുപടിയ്ക്ക്**

**കുറ്റിക്കാട് ഐ.റ്റി.ഐ. അപ്ഗ്രേഡ് ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വകുപ്പിന് കീഴിൽ വരുന്ന ഐ.റ്റി.ഐ. കളിൽ എൻ.സി.വി.റ്റി.നിലവാരമുള്ള കോഴ്സുകൾ അനുവദിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അഫിലിയേഷൻ മാനദണ്ഡങ്ങൾ അനുസരിച്ച് 4 കോഴ്സുകൾ ഉള്ള ഐ.റ്റി.ഐ. കൾക്ക് മിനിമം 1.07 ഏക്കർ സ്ഥലം വേണം എന്ന വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | കേന്ദ്ര സർക്കാരിന്റെ Ministry of skill development & Entrepreneurshipന്റെ കീഴിൽ വരുന്ന Directorate General of Training (DGT)യുടെ ഐറ്റിഐ അഫിലിയേഷൻ മാനദണ്ഡങ്ങൾ അനുസരിച്ച് ഐ.റ്റി.ഐകൾക്ക് 4 കോഴ്സുകൾ, 1.07 ഏക്കർ സ്ഥലം എന്നിവ നിഷ്കർഷിയ്ക്കുന്നുണ്ട്. പുതുതായി ആരംഭിയ്ക്കുന്ന ഐ.റ്റി.ഐകളിലെ അഫിലിയേഷന് ആയത് നിർബന്ധവുമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അഫിലിയേഷൻ നോംസ് 2018 പ്രാബല്യത്തിലാകുന്നതിന് മുമ്പ് സ്ഥാപിതമായ ഐ.റ്റി.ഐ.കൾക്ക് 4 Trade criteria നടപ്പിലാക്കേണ്ടതില്ലെന്നും അതിനായി ട്രേഡ്/ ബാച്ചുകൾ ആരംഭിയ്ക്കുക, പുതിയ സ്ഥലത്തേയ്ക്ക് ഐറ്റി ഐകൾ മാറ്റുക എന്നീ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടില്ലെന്ന് ഗവണ്മെന്റ് ഓഫ് ഇന്ത്യ മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്മെന്റ് ആൻഡ് എന്റപ്രെനുവർഷിപ് ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് വ്യക്തമാക്കിയിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള ഐറ്റിഐകളെല്ലാം 2016ന് മുമ്പുള്ള വർഷങ്ങളിലായി സ്ഥാപിതമായവയും, അഫിലിയേഷൻ ലഭ്യമായിട്ടുള്ളവയുമാണ്. |
| (ബി) | പൊന്നാനിയിലെ കുറ്റിക്കാട് ഐ.റ്റി.ഐ. യിൽ പുതിയ 3 കോഴ്സുകൾ കൂടി അനുവദിച്ച് അപ്ഗ്രേഡ് ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ